# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# മികവ്

## ഹൈസ്കൂൾ ഇടപ്പോൺ




**ACADEMIC MASTER PLAN**

# INDEX


- ചരിത്രം
- സന്ദേശം
- ആമുഖം
- ലക്ഷ്യങ്ങൾ
- അധ്യാപകരുടെ വിവരങ്ങൾ
- മാസ്റ്റർ പ്ലാനുകൾ
- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- സംസ്കൃതം
- സയൻസ്
- ഗണിതം
- സാമൂഹ്യശാസ്ത്രം
- മേഖല – ഉച്ചഭക്ഷണം
- മേഖല – പി ടി എ
- മേഖല – അദ്ധ്യാപക ശാക്തീകരണം
- വിലയിരുത്തൽ

# High School Edappon

| | | |
|---|---|---|
| Name of School | : | High School Edappon |
| Date of Establishment | : | 1936 |
| Name of Village | : | Nooranad |
| Name of Cluster | : | Mavelikara |
| Name of Panchayath | : | Nooranad |
| Name of Block | : | Bharanikavu |
| Name of BRC | : | Mavelikara |
| Name of Educational District | : | Alappuzha |
| Name of Sub - District | : | Mavelikara |
| Name of H. M. | : | Raji S. Sindhu |
| Mobile No. | : | 9446714596 |
| Senior Assistant | : | Divya Krishna |
| Email ID | : | hsedappon@gmail.com |
| School Code | : | 36061 |
| Name of Taluk | : | Mavelikara |

## മേഖല – 2

## സ്കൂൾ ചരിത്രം

കേരളത്തിന്റെ സാംസ്ക്കാരിക ഉന്നമനത്തിന് വിദ്യാലയങ്ങൾക്ക് പങ്കുണ്ട്. സർക്കാർ വിദ്യാലയ ങ്ങൾക്കൊപ്പം തന്നെ സമൂഹത്തിലെ ചില ഉന്നത വ്യക്തികൾ കേരളത്തിന്റെ വികസനത്തിന് ലക്ഷ്യമി ട്ടുകൊണ്ട് പൊതുജനതാല്പര്യ പ്രകാരം വിദ്യാലയങ്ങൾ സ്ഥാപിച്ചു. അത്തരം വിദ്യാലയങ്ങൾ ആണ് കേരളത്തിലെ എയ്ഡഡ് സ്കൂളുകൾ.

ചരിത്രവും സംസ്ക്കാരവും സമന്വയിപ്പിച്ച് വിദ്യാഭ്യാസരംഗത്ത് മഹത്തായ സംഭാവനകൾ നൽകി യിട്ടുള്ള പാരമ്പര്യമാണ് നൂറനാടിന്റെ ചരിത്രമുറങ്ങുന്ന പന്തളത്തു നിന്ന് ഏകദേശം 10 കിലോമീറ്റർ പടിഞ്ഞാറ് ആണ് ഇടപ്പോൺ എന്ന ഗ്രാമം. ഈ ഗ്രാമത്തിന്റെ വടക്കേ അറ്റത്ത് പമ്പാനദിയുടെ പ്രധാന പോഷകനദിയായ അച്ചൻകോവിലാറിന്റെ തീരത്താണ് ഇടപ്പോൺ ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ സരസ്വതി വിദ്യാലയം ഈ ഗ്രാമത്തിന്റെ സർവതോന്മുഖമായ വികസനത്തിന് കാരണമായി മാറുന്നു.

1936-37 വർഷത്തിൽ അന്നത്തെ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകനായ വെൺമണി ചാലാ ച്ചരിൽ ഗോവിന്ദക്കുറുപ്പാണ് സ്ഥാപനം സ്ഥാപിച്ചത്. പ്രഥമ അദ്ധ്യാപകൻ കല്ലടാൽ ശ്രീ. മാധവൻപിള്ള സാർ ആയിരുന്നു. പിൽക്കാലത്ത് ശ്രീ. പി.കെ. പരമേശ്വര കാരണവരുടെ നേതൃത്വത്തിൽ സ്കൂളിന്റെ പ്രശസ്തി വർദ്ധിക്കുകയും സ്ഥാപനം 1976 – 77 വർഷത്തിൽ ഇടപ്പോൺ ഹൈസ്ക്കൂളായി ഉയരു കയും ചെയ്തു. ഹൈസ്കൂളിന്റെ പ്രഥമ അദ്ധ്യാപകനായി ശ്രീ. കെ.പി. ദേവൻ സാർ ദീർഘകാലം സേവനം അനുഷ്ഠിക്കുകയും അക്കാലഘട്ടം സ്ക്കൂളിന്റെ സുവർണ്ണകാലമായി അറിയപ്പെടുകയും ചെയ്തു. 1800 കുട്ടികൾ വരെ പഠിക്കുന്ന സരസ്വതി ക്ഷേത്രമായി പിന്നീട് ഉയരുകയും ചെയ്തു. അതിനു ഷേഷം അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ ഈ സ്കൂൾ പ്രവർത്തനം തുടരുകയും അദ്ദേഹത്തിന്റെ മര ണശേഷം മകന്റെ നേതൃത്വത്തിൽ സ്കൂൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. 89 വർഷം പിന്നിട്ട ഈ വിദ്യലയം വികസനത്തിന്റെ പാതയിൽ ആണ്.

കഴിഞ്ഞ 16 വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടികളെ വിജയി പ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമീപ പ്രദേശത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റം ഈ സ്കൂളിലെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടിരിക്കുന്നു. പന്തളം-മാവേലിക്കര റൂട്ടിൽ അതിവിശാലമായ ഗ്രൗണ്ടിൽ ആണ് സ്കൂൾ നിലനിൽക്കുന്നത്. പടിഞ്ഞാറു ഭാഗത്തു കൂടി അച്ചൻകോവിൽ ആറ് ഒഴുകുന്നു. ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ സാമൂഹ്യ രാഷ്ട്രീയ രംഗ ങ്ങളിൽ സജീവമാണ്. ഈ സ്കൂളിന്റെ മാനേജർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിയും വിദേശത്ത് കമ്പ്യൂ ട്ടർ രംഗത്ത് അദ്ധ്യാപകനും ആണ്. ഡോക്ടർമാർ, വക്കീലന്മാർ, എഞ്ചിനിയർമാർ തുടങ്ങി സമൂഹ ത്തിന്റെ എല്ലാ തട്ടിലെ വ്യക്തികളെയും വാർത്തെടുക്കാൻ ഈ സരസ്വതി മന്ദിരത്തിന് കഴിഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികളിൽ ഉന്നതമായ മൂല്യങ്ങൾ വളർത്തുന്ന ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് തുട ങ്ങിയ യൂണിറ്റുകൾ ഇവിടെ സജീവമായി വികസനത്തിനുതകുന്ന പ്രവർത്തനയിടങ്ങൾ ഇവിടെ സജ്ജമാണ്.

# സന്ദേശം

വിശാലമായ അറിവിന്റെ ലോകത്ത്
സാമൂഹിക പ്രതിബദ്ധതയോടെ ജീവിക്കാനും
സമൂഹമാധ്യമങ്ങൾ വിവേകപൂർവ്വം
ഉപയോഗിക്കാനും നമ്മുടെ വിദ്യാർത്ഥികൾക്ക്
കഴിയണം. ഒപ്പം തൊഴിലധിഷ്ഠിതമായ
വിദ്യാഭ്യാസത്തിന് അവസരവും ലഭിക്കണം.
അതിനായി വിദ്യാർത്ഥി കേന്ദ്രീകൃതമായ സമീപനം
പഠന പ്രക്രിയയിൽ ഉണ്ടാവേണ്ടതുണ്ട്
അവസരങ്ങളെ പ്രോൽസാഹിപ്പിക്കുന്ന
എല്ലാവരേയും ഉൾക്കൊള്ളുന്ന ഉൾച്ചേർന്ന
വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന്റെ
ഭാഗമായ അക്കാദമിക മാസ്റ്റർ പ്ലാൻ സമഗ്ര വ്യക്തി
വികാസം ഉറപ്പു വരുത്തുന്നതാകട്ടെ

**Raji S. Sindhu**
**High School Edappon**

# ആമുഖം

"ആരാണോ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത്, അവർ
രക്ഷിതാക്കളേക്കാൾ കൂടുതൽ ആദരിക്കപ്പെടുന്നു. കാരണം
രക്ഷിതാക്കൾ ജനമാണ് (ജീവനാണ്) നൽകുന്നത്, അദ്ധ്യാപകരാകട്ടെ
നല്ല ജീവിതത്തിന്റെ കലയാണ് നൽകുന്നത്."

-അരിസ്റ്റോട്ടിൽ

വിശാലമായ അറിവിന്റെ ലോകമാണ് കുട്ടിയുടെ മുന്നിൽ തുറന്നു കിടക്കുന്നത്. വിവരസാങ്കേതിക മേഖലകളിലാകട്ടെ അനുനിമിഷം നൂതനമായ അറിവുകൾ രൂപപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത്തരം മാറ്റങ്ങൾക്കനുസരിച്ച് കർമ്മനിരതമായി ജീവിക്കാനുള്ള ശേഷികളും ധാരണകളും നമ്മുടെ കുട്ടികൾ കൈവരിക്കേണ്ടതുണ്ട്. കിട്ടുന്ന അറിവുകളെ വിവരങ്ങളായി ലഭ്യമാക്കാനും സാമൂഹിക പ്രതിബന്ധതയോടെയുള്ള ജനാധിപത്യ നിലപാടുകൾ സ്വീകരിക്കാനും കരുതലോടെയും നീതിപൂർവ്വ വുമായ സമൂഹമാധ്യമ ഉപയോഗത്തിനും കുട്ടികളെ പ്രാപ്തരാക്കണം. ഒപ്പം തന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഓരോ വിദ്യാർത്ഥിക്കും അവസരം നൽകുകയും വേണം. അതിനായി ഒരു സഹപ ഠിതാവ് (Co learner) എന്ന ധർമ്മം ഓരോ അദ്ധ്യാപകനും നിർവഹിക്കേണ്ടതുണ്ടെന്ന ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട്. ആകയാൽ ഞങ്ങൾ ഓരോരുത്തരും നിരീക്ഷണ ഗവേഷണ പരീക്ഷണ പ്രവർത്തന ങ്ങളുടെ പാതയിൽ പുത്തൻ അറിവുകൾ രൂപപ്പെടുത്താൻ സഹായിക്കുന്ന പ്രേരക ലീഡർമാരായി വർത്തിക്കാൻ ശ്രമിക്കുന്നു.

വിദ്യാർത്ഥി കേന്ദ്രീകൃത സമീപനം പഠനപ്രക്രിയയിൽ ഉടനീളം ഉറപ്പുവരുത്തിയാൽ മുഴുവൻ നൈപുണികളും കൈവരിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുമെന്ന് ഞങ്ങൾ കരുതുന്നു. നൈപു ണികളോടൊപ്പം ഭരണഘടന ഉറപ്പ് തരുന്ന എല്ലാ മൂല്യങ്ങളും കുട്ടികൾക്ക് കിട്ടേണ്ടതുണ്ട്. ഈ വർഷം സമഭാവന വിഭാവനം ചെയ്യുന്ന യൂണിഫോം നടപ്പിൽ വരുത്താൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

2023 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ച് ഗുണമേന്മ വിദ്യാഭ്യാസത്തിന് കാതലായ ശ്രദ്ധ കൊടുത്തുകൊണ്ട് നമ്മൾ പ്രതിസന്ധികളെ ഒറ്റക്കെട്ടായി പ്രതിരോധിച്ച് മുന്നേറുന്നു. ഐക്യ രാഷ്ട്ര സംഘടനയുടെ 21-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസ ലക്ഷ്യമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ആജീവനാന്ത പഠന അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പാഠ്യപദ്ധതി രൂപപ്പെടുത്തിയല്ലോയ? അതുകൊണ്ട് പ്രകൃതി പാഠങ്ങൾ ഉൾക്കൊണ്ട് നവോത്ഥാന ജനാധിപത്യ മൂല്യ വികാസത്തിന് അനുഗുണമാകും വിധത്തി ലുള്ള ഈ പാഠ്യപദ്ധതി പ്രാബല്യത്തിൽ വരുത്താൻ ഞങ്ങളും തയ്യാറായി കഴിഞ്ഞു. അറിവിന്റെ ലോകത്ത് അതിജീവനത്തിനായുള്ള വിദ്യാഭ്യാസം പടുത്തുയർത്തണമെങ്കിൽ സമഗ്ര വ്യക്തിത്വ വികാസം ലക്ഷ്യം വെയ്ക്കണം.

ഓരോ കുട്ടിയും വ്യത്യസ്ഥനാണ് എന്ന ചിന്തയിലൂന്നി ഉൾച്ചേർന്ന സമീപനത്തിലൂടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനായി പരിശ്രമിക്കുവാൻ ഞങ്ങൾ ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. ആയതിനാൽ സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യം വെക്കുന്ന മൂല്യങ്ങൾക്കനുസരിച്ച് സാമൂഹ്യ പ്രതിബ ദ്ധതയും വിമർശനാവബോധവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുമെന്ന് ഞങ്ങൾ ഉറപ്പ് നൽകുന്നു.

## ലക്ഷ്യങ്ങൾ

- ♦ ഓരോ കുട്ടിയേയും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊണ്ട് മാറ്റങ്ങളെ നല്ല രീതിയിൽ കണ്ടു മുന്നേറാനും ഇടപെടാനും കഴിയുന്നവരാക്കി ഉയർത്തുക.

- ♦ വികസനത്തിന്റെ പാതകൾ എല്ലാ മേഖലയിലും ഉണ്ടാകുമ്പോൾ പ്രകൃതിയെ പരിഗണിച്ചുകൊണ്ട് ശരിയായ വ്യക്തിത്വ വികസന രൂപീകരണത്തിന് ഉതകുന്ന മനോഭാവം ഉണ്ടാക്കിയെടുക്കുക.

- ♦ തന്റെ കഴിവുകളും പോരായ്മകളും മനസ്സിലാക്കുന്ന കുട്ടി തന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ തനിക്ക് ആവും എന്ന ഉത്തമ വിശ്വാസത്തോടെ സമൂഹത്തിന് ഉതകുന്ന വ്യക്തികളായി ഇടപെട്ടുകൊണ്ട് ജീവിതം മുന്നോട്ട് നയിക്കാൻ പരിശീലിപ്പിക്കുക.

- ♦ ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.

- ♦ മുഴുവൻ ക്ലാസ്സുകളിലും I C T, Robotics, AI സാധ്യത ഉറപ്പു വരുത്തുക, അക്കാദമിക തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുക.

- ♦ ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷിയും കുട്ടി നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തും (സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം)

- ♦ കരിയർ ഗൈഡൻസ് ക്ലാസ്സുകളും ലൈഫ് സ്കിൽ പരിശീലനങ്ങളും നൽകി തൊഴിലിന് തയ്യാറാക്കുകയും വ്യക്തിത്വ നൈപുണി വർദ്ധിപ്പിക്കുകയും ചെയ്യും. അതോടൊപ്പം ആവശ്യമായ കൗൺസിലിംഗ് സൗകര്യവും നൽകുക.

- ♦ ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

- ♦ പ്ലാസ്റ്റിക്, ലഹരിമുക്ത ക്യാമ്പസ് ഉറപ്പ് വരുത്തുക.

- ♦ വായനയെ പരിപോഷിപ്പിക്കുകയും അത് ഒരു സംസ്ക്കാരവുമായി രൂപപ്പെടുത്തുന്നതിനാവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക.

- ♦ ലഘുപഠനങ്ങൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ, തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

- ♦ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് അദ്ധ്യാപകരെ കൂടുതൽ പ്രാപ്തരാക്കുന്നതിന് Teachers Empowerment/Entertainment Programs സംഘടിപ്പിക്കുക.

## Teachers Qualification and Duty

| Name | Educational Qualification | Club in charge |
|---|---|---|
| Divya Krishna | MA, B Ed, SET English | Senior in charge, Staff Secretery, SITC |
| Maya A. | MA, B.Ed, SET Malayalam Nodal Teacher | Vidhya Rangam, Library, |
| Archana R. Pillai | Msc, B Ed, Science | Vimukthi Club, Noon - Feeding, Science Club, School Protection |
| P. Rajani Devi | BA, B Ed, Social Science | Social Science Club, Bus, Election |
| Kavitha Omanakuttan | Msc, B Ed, SET Mathematics | Maths Club, Little Kites, Text book charge |
| Sreelekshmi B. | MA, B Ed, KTET, Hindi | Hindi Club, Little Kites, Seed Club, Text book |
| Rekha B. | TTC | Eco Club |
| Celin Jancy John | BA, B Ed | Noon - Feeding, Bus |
| Neethu M. | Bsc, TTC | PSITC, SRG, JRC |
| Sasikala | MA, Sanskrit, KTET | Eco Club, Sanskrit Club |

## നിലവിലെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നം. | വിഭാഗം | നിലവിൽ ഉള്ളത് |
|---|---|---|
| 1. | Library and Reading Room with enough furniture | 1 |
| 2. | Kitchen and Store Room | 1 |
| 3. | Hi-Tech Class Room | 3 |
| 4. | Toilet complex for Boys and Girls | 3 |
| 5. | School Bus | 1 |
| 6. | Play Ground | 2 |
| 7. | Well | 1 |
| 8. | Lab | 2 |
| 9. | Stage | 1 |
| 10. | Lap Top | 10 |
| 11. | Speaker | 4 |
| 12. | Projector | 6 |

# മാസ്റ്റർ പ്ലാൻ

## മലയാളം യു.പി. മാസ്റ്റർ പ്ലാൻ

| മേഖല | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഭാഷാശേഷി വികസിപ്പിക്കുക | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ<br>ചെറു വാക്യങ്ങളിലേക്ക്<br>കഥാവായന<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പ്രത്യേക പരിശീലനം. | ഭാഷാ അദ്ധ്യാപകർ (ജൂൺ - ആഗസ്റ്റ്) |
| കുട്ടിയെ മികച്ച വായനക്കാര നാക്കുക | ക്ലാസ് മുറിയിലെ വായന<br>പാഠപുസ്തകം<br>പത്ര വാർത്ത, etc...<br>പാഠപുസ്തക വായന, ചർച്ച<br>ആസ്വാദനം, വായനാനുഭവം പങ്കുവെയ്ക്കൽ<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>ഭാവാത്മക വായന,<br>ഇ-വായന<br>സ്കൂൾ ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം<br>സ്കൂൾ അസംബ്ലിയിലെ വാർത്താവതരണം<br>വിവിധ ദിനാചരണങ്ങളോടനുബന്ധിച്ചുള്ള അവതരണം. | ഭാഷാ അദ്ധ്യാപകർ (ജൂൺ - ഫെബ്രുവരി) |
| കുട്ടിയെ തെറ്റു കൂടാതെ എഴുതുവാൻ പ്രാപ്തനാക്കുക | വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തുന്നു.<br>വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>സർഗ്ഗസൃഷ്ടികൾക്കുള്ള പ്രോത്സാഹനം, പതിപ്പ്<br>ഭാഷാ പ്രൊജക്ട്<br>ജീവചരിത്രക്കുറിപ്പ്<br>നിവേദനം, etc... | ഭാഷാ അദ്ധ്യാപകർ (ജൂൺ - ഫെബ്രുവരി) |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ, പ്ലക്കാർഡ്, പ്രസംഗം, etc... | |

## മലയാളം എച്ച് എസ്

**പ്രവർത്തനം : 1**

ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ/വിവരശേഖരണം

**പ്രവർത്തനം : 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകൾ പ്രസ്ഥാന പരിചയം | വിവരശേഖരണം പ്രദർശനം എല്ലാവരിലുമെത്തിക്കൽ | ആഴ്ചയിൽ രണ്ട് മൂന്ന് | വിദ്യാരംഗം കലാസാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

**പ്രവർത്തനം : 2** **ഭാഷാകൈത്താങ്ങ്, അക്ഷരം ഉറപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനും എഴുത്തും വായനയും തെളിച്ചമുള്ളതാക്കുവാനും (സ്കൂൾ ലൈബ്രറി കാര്യക്ഷമമായി ഉപയോഗിക്കൽ) | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ ക്ലാസ്സ് ലീഡർമാർ | |

**പ്രവർത്തനം : 3** **സർഗ്ഗാത്മക രചനകൾ – പതിപ്പ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാ പ്രാവീണ്യം നേടൽ | കുട്ടികളുടെ സർഗ്ഗ വൈഭവം കണ്ടെത്തൽ | ദിവസവും ആഴ്ചയിലും | വിദ്യാരംഗം കലാസാഹിത്യ വേദി | |

**പ്രവർത്തനം : 4** **രചനകളുടെയും കലാപ്രവർത്തനങ്ങളുടെയും അവതരണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ കലാപരിപാടികൾ അവതരിപ്പിനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | അഭിനയം അവതരണം എന്നിവയ്ക്ക് പ്രാധാന്യം (കഥകൾ, കവിതകൾ ഓഡിയോ കേൾപ്പിക്കൽ) | വർഷത്തിൽ | വിദ്യാരംഗം കലാസാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

**പ്രവർത്തനം : 5** **50 കവികൾ, 50 കവിതകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടൽ | ജീവചരിത്രക്കുറിപ്പ് ശേഖരണം | ഒരു വർഷം | ഭാഷാദ്ധ്യാപകർ | |

## ഇംഗ്ലീഷ് യു.പി.

| ക്രമ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പഠന വിഭാഗം | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തിക പിൻതുണ | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1. | Story Time | To improve reading, writing, speaking and listening skills | Finding out Stories related to lessons in the textbook.<br>Presentation using different strategies role play, puppetry skill, etc.. | Upper Primary | Academic Year 2025-26 | English Teachers | PTA | |
| 2. | My Dictionary | To practice the usage of dictionary | Prepare my dictionary by adding learned words and meanings everyday.<br>Arrange pages in alphabet order.<br>Spelling competitions will be held based on these collections of words. | Upper Primary | Academic Year 2025-26 | English Teachers | PTA | |
| 3. | Collection of wrappers and authentic materials (Project) | Make English learning interesting even for slow learners. | Students makes separate collections of wrappers and authentic materials such as real notices, posters, bills, etc.. | Upper Primary | Academic Year 2025-26 | English Teachers | PTA | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | List out the words which they identified from different wrappers in the project report and present collections and project report in the class. They add the new words to their 'My Directory'. | | | | | |
| 4. | English Assembly | Help students to use English as a global language | All programmes of assembly should be conducted in English language twice a week.<br>Duties are assigned to each class alternatively. | | | | | |
| 5. | English Diary | Encourage creative writing in English | To develop writing skills in english.<br>Write a brief diary of events that takeplace in home and school. | | | | | |
| 6. | English Club activities. | Provide ample scope for interaction. | Conduct grammer classes Practice by giving work sheets. Tongue twisters Language games. | | | | | |

| ഇംഗ്ലീഷ് എച്ച്. എസ് | | | | |
|---|---|---|---|---|
| Objective | Activities | Time | Responsibility | Participating Departments |
| To improve English proficiency among students | - Spoken English Class<br>- English Library Activities.<br>- English Corner Story Time.<br>- English Cartoon Screening.<br>- English Assembly. | Assembly/ Regular Classes | PTA, Teachers | PTA, Management |
| To develop creativity among students | - Cinema & Documentary<br>- Profile & Script writing students prepare & present English Cinema.<br>- Role play, English Day Celebrations, Seminar:Students present topics of interest in English. Public speaking and creative programs are organized to encourage Englsh communications. | Classes & Assembly time | Teachers, SRG English Departments. | English Club Management |
| To encourage student participation in English activities and develop communication skills | - School English Voice: News prepared and presented by students.<br>- Cinema, Storytelling, Mimicry, Public Speaking, Simple Games, English Quiz, Anchoring.<br>- News Reading<br>Competitions and other programs are organized to enhance English usage. | Classes & Assembly time | Teachers, SRG, Teachers. | English Club |
| Performance | - English Assembly, Skit, Puppet Show, English Lab: Activities such as puppet shows, skits, and cinema screening are conducted to improve spoken english. | Assembly, Classes | PTA, Teachers, English Club | PTA, Trainers |
| Emphasize reading benefits and writing skills | Conduct English debates activities like story writing, article writing, publication related academic work book reviews, publications (Magazine) | During class hours, Teachers team | | English Club, PTA |
| Give importance to literacy and artistic performances and talents | Organize storytelling, speeches, skits and various art competitions provide students to participate in competitions English Fest, Oppertunity to watch English films. | Twice in an acadamic year | English Club | Teachers, PTA, SRG, Communication |
| Promote interactive oppertunities | Invite native speakers to interact with students invite renowned English writers and poets to school conferences. | Twice in an acadamic year | Teachers, PTA, SRG | English Club, PTA |

## ഹിന്ദി യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ:** ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കികൊടുത്ത് പഠിപ്പിക്കും.<br>ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **ഹിന്ദി വായന:** തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും വായനയ്ക്ക്................<br>ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| മേഖല: അക്കാദമികം | | ഉപമേഖല: ഹിന്ദി എച്ച്.എസ് ഭാഷാ ക്ലാസ്തലം | | | |
|---|---|---|---|---|---|
| നം. | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | സാമ്പത്തികം |
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും, ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ.<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 8, 9, 10 | ഹിന്ദി അധ്യാപകർ<br>മറ്റു ഭാഷാധ്യാപകർ | |
| 3. | ഓരോ ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപകർ | |
| 4. | CWSN, SLOW LEARNERS കുട്ടികൾ പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9, 10 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 8, 9 | ഹിന്ദി അധ്യാപകർ | |
| 8. | പാഠംഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപകർ | |
| 9. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം.<br>വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 9, 10 | ഹിന്ദി അധ്യാപകർ,<br>ക്ലാസ്സ് അധ്യാപകർ<br>മറ്റ് അധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ എളുപ്പത്തിലാക്കാനുള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8, 9, 10 | ഹിന്ദി അധ്യാപകർ,<br>ക്ലാസ്സ് അധ്യാപകർ<br>മറ്റ് അധ്യാപകർ | |

| സംസ്കൃതം യു.പി. | | |
|---|---|---|
| മേഖല | പ്രവർത്തനങ്ങൾ | ചുമതല |
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുളള ശേഷി വികസിപ്പിക്കൽ. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | പതിപ്പുകൾ<br>നിഘണ്ടു നിർമ്മാണം. | |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുവാനും, സർഗ്ഗാത്മക രചനകൾവികസിപ്പിക്കാനുമുള്ള അവസരം നൽകുക. | വായനമൂലം<br>ദിനാചരണങ്ങൾ<br>സംസ്കൃത ദിനാചരണവും അസംബ്ലിയും.<br>കഥ, ഉപന്യാസം etc.... രചനയും അവതരണവും.<br>പോസ്റ്റർ നിർമ്മാണം. | സംസ്കൃത അധ്യാപിക<br><br>(ജൂൺ - ഫെബ്രുവരി) |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. | വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ | |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | കഥ, കവിത, സുഭാഷിതങ്ങൾ എന്നിവ എഴുതിയോ ശേഖരിച്ചോ പതിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ. | |
| ഭാഷാശേഷി വളർത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ. | വിവിധ കലാരൂപങ്ങളുടെ പ്രദർശനം. | |

## ഗണിതം യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കുന്നു. | കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നിവ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ |
| രസകരമായ ഗണിത ശാസ്ത്ര പഠനം, കരചലനശേഷി വികസിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട രൂപങ്ങൾ നിർമ്മിക്കുന്നത്. സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കാൻ പരിശീലനം നൽകുന്നു.<br>രൂപങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. | ജൂലൈ |
| ഗണിതപഠനം മധുരവും സുഗമവുമാക്കൽ | ക്ലാസ് മുറിയിൽ ഗണിതലാബ് സജ്ജമാക്കുന്നു.<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് ക്രമീകരിക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കണ്ടെത്തി കുട്ടികൾക്ക് കൂടുതൽ പിന്തുണ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.<br>എളുപ്പ വഴികളിലൂടെ ഗണിതം മധുരമാക്കൽ.<br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിച്ചുള്ള കൂടുതൽ പ്രവർത്തനങ്ങൾ.<br>ഗണിതശാസ്ത്രദിനങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ കഥകൾ ഇവയുടെ സജ്ജീകരണം. | ഒക്ടോബർ<br>നവംബർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി ക്രമീകരിക്കുന്നു.<br>മുൻനിരയിൽ നിൽക്കുന്ന കുട്ടികളുടെയും അധ്യാപകരുടെയും പൂർണ്ണ പിന്തുണയോടെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായവ എത്തിക്കുന്നു.<br>ദിനാചരണങ്ങൾ<br>ദേശീയ ഗണിതദിനം, പൈ ദിനം ഇവ ആചരിക്കുന്നു.<br>ഗണിത പസിലുകൾ, ജോമട്രി, ഗണിതക്വിസ് ഇവയുടെ അവതരണം. | ഡിസംബർ<br>മുതൽ<br>മാർച്ച് വരെ |

## ഗണിതം എച്ച്. എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>ക്ലാസ്സിൽ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ<br>1 മാസം | ഗണിത<br>അധ്യാപിക |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അവ ളുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു.<br>ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപിക,<br>ഗണിത ക്ലബ് |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ<br>പ്രവർത്തനം | അധ്യാപിക<br>സംഘത്തലവൻ |
| ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ<br>ഒന്ന്. | ക്ലബ് സെക്രട്ടറി<br>അധ്യാപിക |
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത പൂക്കളം, ജോമെട്രിക്കൽ ചാർട്ട് നിർമ്മാണം, പസിലുകൾ, റിഡിൽസ് | ആദ്യ രണ്ട് ടേമുകളിൽ | അധ്യാപിക |
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | അധ്യാപിക<br>SRG |

| സയൻസ് യു.പി. | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾക്ക് കുട്ടികൾ നേതൃത്വം നൽകുന്നു. | ലഘുവിതരണം<br>ലഘുനാടകങ്ങൾ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| പ്രകൃതിശേഷി വികസനം. പ്രകൃതി സംരക്ഷണം | കരിയില<br>കമ്പോസ്റ്റ് നിർമ്മാണം<br>പരിശീലനം, വിതരണം | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് ക്ലബ്ബ് | സ്കൂൾ |
| ശാസ്ത്രപുസ്തക വായന പ്രോത്സാഹിപ്പിക്കുക.<br>ശാസ്ത്ര ബോധം ഉണർത്തുക. | ശാസ്ത്ര അധ്യാപകർ ക്ലാസ്സിൽ ആഴ്ചയിൽ ഒരു ശാസ്ത്ര പുസ്തകം പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| പ്രകൃതി സംരക്ഷണം., മാലിന്യ സംരക്ഷണം തുടങ്ങിയവയിൽ അവബോധം ശാസ്ത്രവും കലയും ഉദ്ഗ്രഥനം | പഴയ പേപ്പർ ഉപയോഗിച്ച് ഹാൻഡ് മെയ്ഡ് പേപ്പർ നിർമ്മാണം പഠിക്കുന്നു, പ്രാവർത്തികമാക്കുന്നു. പുതുവർഷ കാർഡ് നിർമ്മിക്കുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | സയൻസ് ക്ലബ്ബ് | സ്കൂൾ |
| ശാസ്ത്ര പഠനം ആരോഗ്യ പുരോഗതിയ്ക്ക് | ആരോഗ്യശീലങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാർ, പ്രാഥമിക കാഴ്ച പരിശോധന | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | സയൻസ് ക്ലബ്ബ് | സ്കൂൾ |
| ശാസ്ത്രപഠനം ഊർജ്ജ സംരക്ഷണത്തിന് | ഊർജ്ജ സംരക്ഷണ ക്വിസ്, ചിത്രരചന മത്സരം, പോസ്റ്റർ നിർമ്മാണം | നവംബർ ഡിസംബർ ജനുവരി | സയൻസ് ക്ലബ്ബ് | പി.ടി.എ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് |
| സയൻസ് കോർണർ | ശാസ്ത്ര വാർത്തകൾ, ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | സ്കൂൾ |

| സയൻസ് എച്ച്. എസ്. | | | | | |
|---|---|---|---|---|---|
| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയലവ് | വിലയിരുത്തൽ | സാമ്പത്തികം |
| കൗതുകം, നിരീക്ഷണപാടവം, ജിജ്ഞാസ വളർത്തൽ | ലഘുപരീക്ഷണം, മോഡൽ നിർമ്മാണം, ലഘു പ്രോജക്ട്, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രദർശനം | സയൻസ് അധ്യാപകർ | 1 വർഷം | റിപ്പോർട്ട്, സയൻസ് ഡയറി, പോസ്റ്റർ, ചാർട്ട് | സയൻസ് ക്ലബ്ബ് |
| നിരന്തരമായ അന്വേഷണം വിശകലനം ചെയ്യാനുള്ള ശേഷി | പ്രോജക്ട്, സെമിനാർ, ശാസ്ത്ര ശില്പശാല, YIP, SIM, Lab | ഹെൽത്ത് ക്ലബ് | 1 വർഷം | റിപ്പോർട്ട്, പ്രോജക്ട് ഡയറി, സർവ്വേ റിപ്പോർട്ട്, JCT | സയൻസ് ക്ലബ്ബ് പി.ടി.എ |
| ശാസ്ത്രനേട്ടം തിരിച്ചറിയാനും വിമർശനാത്മക സമീപനം | ശാസ്ത്ര സംവാദം, ശേഖരണം, ആശയ ചിത്രീകരണം, സയൻസ് ആൽബം, സയൻസ്, ജേർണൽ, ദിനാചരണങ്ങൾ | സീഡ് ക്ലബ് | 1 വർഷം | വിഷയാവതരണം, ആശയവിനിമയശേഷി, പങ്കാളിത്തം, എല്ലാ വിഭാഗങ്ങൾക്കും അനുയോജ്യം, പോസ്റ്റർ, ചാർട്ട്, JCT, etc... | സയൻസ് ക്ലബ്ബ് പി.ടി.എ |
| ഹൈടെക് നൂതന ആശയങ്ങൾ | ശാസ്ത്രലൈബ്രറി, ഡിജിറ്റൽ മാഗസിൻ, സയൻസ് IT ലാബ് നവീകരണം, സയൻസ് കോർണർ | സയൻസ് അധ്യാപകർ | 1 വർഷം | JCT, പ്രസന്റേഷൻ, ഡോക്യുമെന്റേഷൻ | സയൻസ് ക്ലബ്ബ് |
| ആരോഗ്യം, പരിസ്ഥിതി സൗഹാർദ്ദ മനോഭാവം | ഹെൽത്ത് കാർഡ്, ലഹരി വിമുക്തം, മരങ്ങൾ, പച്ചക്കറി, പൂന്തോട്ടം, ഔഷധ ച്ചെടികൾ നടൽ | ഹെൽത്ത് ക്ലബ്ബ് സീഡ് ക്ലബ് | 1 വർഷം | റിപ്പോർട്ട്, പോസ്റ്റർ, വീഡിയോ, സർവ്വേ | ഹെൽത്ത് ക്ലബ്ബ് സീഡ് ക്ലബ്ബ് |
| സാമൂഹിക പ്രതിബദ്ധത, അന്വേഷണം, നേരിട്ടറിവ് | പ്രോജക്ട് സെമിനാർ സംവാദം | സയൻസ് അധ്യാപകർ | 1 വർഷം | റിപ്പോർട്ട്, പോസ്റ്റർ, ചാർട്ട് | സയൻസ് ക്ലബ്ബ് |

## സോഷ്യൽ സയൻസ് യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| കുട്ടികളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ വിവരങ്ങൾ ICT സാധ്യതകൾ ഉപയോഗിച്ച് വിശദീകരിക്കുന്നു. |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ജനാധിപത്യ രീതികളുടെ അടിസ്ഥാനതലം മനസ്സിലാക്കിക്കുന്നു. പാഠഭാഗങ്ങൾ പ്രയോജനപ്പെടുത്തി. |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. |
| സുസ്ഥിത വികസന കാഴ്ചപാട്രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ ഇല സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. |

## സോഷ്യൽ സയൻസ് എച്ച്. എസ്.

| ലക്ഷ്യം/പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുന്നതിനും ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുന്നതിനുമായി. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുന്നതിന് പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹിക സേവനം ഇവക്കായുള്ള പ്രവർത്തനം നടത്തുന്നു. | പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു, ആകാശ കാഴ്ചകൾ, ഭൂമിശാസ്ത്രപരമായ കൗതുകം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. | സർവ്വെ, പ്രോജക്ട്, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാനുതകുന്ന തരത്തിലുള്ള വീഡിയോ പ്രദർശനം | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം, ചരിത്ര സിനിമകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രാദേശിക ചരിത്രത്തെ കുറിച്ച് ധാരണ ലഭിക്കുന്നതിനും, പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനും. | വിദഗ്ധരായ വ്യക്തികളുടെ ക്ലാസ്സുകൾ, മുതിർന്ന പൗരന്മാരുമായുള്ള അഭിമുഖം, പ്രാദേശിക ചരിത്രം തയ്യാറാക്കൽ. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠഭാഗം ലളിതവും കർഷണീയവുമാക്കുന്നതിന് | ഐ.ടി. അധിഷ്ഠിത ക്ലാസുകൾ, വർക്ക് ഷീറ്റുകൾ | | | |
| ചരിത്രപ്രധാന ദിനങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതിന്. | ദിനാചരണം സംഘടിപ്പിക്കുക, അഭിമുഖം, വിവിധ പ്രവർത്തനങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. | | | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധം നൽകുന്നതിനും പൗരധർമ്മം മനസ്സിലാക്കുന്നതിനും. | ക്ലാസുകൾ, സ്കൂൾ പാർലമെന്റ് രൂപീകരണം, സമൂഹവുമായുള്ള ഇടപെടൽ | അക്കാദമിക വർഷം | | പൂർവ്വ വിദ്യാർത്ഥി ഫണ്ട്, പി.ടി.എ, എസ്. എം.സി |
| പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക | ജി.കെ ബോർഡ്, ഡിബേറ്റ് ക്ലബ്, ക്വിസ് ക്ലബ് | 2019 മുതൽ | | |
| ചരിത്ര സംഭവങ്ങൾ, ചരിത്രകാരന്മാർ, രാജാക്കന്മാർ എന്നിവരെ പരിചയപ്പെടൽ | ചിത്രങ്ങൾ ശേഖരിച്ച് ആൽബങ്ങൾ നിർമ്മിക്കുന്നു. | 3 മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ഉപഭോക്തൃ വിദ്യാഭ്യാസത്തെ കുറിച്ച് കുട്ടികൾക്ക് അറിവ് നൽകൽ | ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| മേഖല - ഉച്ചഭക്ഷണം | |
|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ |
| മാലിന്യ സംസ്കരണം | തുമ്പോർ മൊഴി |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ, ശുദ്ധമായ പച്ച ക്കറികൾ എന്നിവയുടെ അഭാവം | സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക, സ്കൂൾ പരിസരത്ത് പപ്പായ, വാഴ, കറിവേപ്പ് എന്നിവ നടുക. |
| പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം |

| മേഖല – പി. ടി. എ | |
|---|---|
| **പ്രശ്നങ്ങൾ** | **പരിഹാര പ്രവർത്തനങ്ങൾ** |
| യോഗങ്ങളിൽ പ്രാതിനിധ്യകുറവ് | ബോധവൽക്കരണ ക്ലാസ്സുകൾ,<br>കോർണർ പി ടി എ |
| PTA / MPTA പ്രവർത്തനങ്ങളിൽ കൃത്യത | പ്രവർത്തന കലണ്ടർ തയ്യാറാക്കുക. |
| അക്കാദമികേതര പ്രവർത്തനങ്ങളിൽ പി ടി എ യുടെ സഹായം | യോഗ്യരായവരുടെ വിവരശേഖരണം<br>കലാകായിക മേഖലകളിൽ പരിശീലനം<br>ക്രാഫ്റ്റ് ക്ലാസ്സുകൾ |

## മേഖല – അദ്ധ്യാപക ശാക്തീകരണം

| നമ്പർ | പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ഫലപ്രദമായ ക്ലാസ് റൂം മാനേജ്മെന്റ് | Stress relisf programs<br>വ്യത്യസ്തമായ പഠനതന്ത്രങ്ങൾ | June to March | | Teachers |
| 2. | Collaborative Space | മെഗാ തിരുവാതിര പോലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ച് പ്രോഗ്രാമുകൾ ചെയ്യുക<br>സാങ്കേതിക വിദ്യയിൽ അറിവ് വികസിപ്പിക്കുക<br>Entertainment Program for Teachers. | June to March | | HM |
| 3. | പ്രൊഫഷനൽ വികസനം | Seek feedback<br>വിദഗ്ധരുടെ ക്ലാസുകൾ<br>Residential courses | June to March | | Teachers |
| 4. | പരസ്പര സഹകരണം | ഒരുമിച്ചുള്ള യാത്രകൾ<br>SRG ശാക്തീകരണം | June to March | | Teachers |

## വിലയിരുത്തൽ സമീപനം

പഠന പ്രക്രിയയുടെ അഭിവാജ്യ ഘടകമാണ് വിലയിരുത്തൽ. പഠനം നടന്നു എന്ന് ഉറപ്പാക്കുന്നത് തന്നെ വിലയിരുത്തലിലൂടെയാണ്. നിരന്തരമായി പാഠ്യപ്രവർത്തനങ്ങളോടൊപ്പം നടക്കേണ്ടുന്ന വിലയിരുത്തൽ സൃഷ്ടിപരവും വികാസപ്രദവുമായിരിക്കണം. അതിന്റെ ഓരോ ഘട്ടവും ആസൂത്രണം ചെയ്യുമ്പോൾ സൂക്ഷമമായി ആലോചിച്ച് ഫലപ്രദമായി നിർവഹിക്കുകയും വേണം. കൂടാതെ കുട്ടികൾ പ്രയാസം നേരിടുന്ന മേഖലകൾ തിരിച്ചറിയുകയും ഭിന്ന നിലവാരക്കാരെ കൂടെ പരിഗണിച്ച് പഠന പിന്തുണ നൽകുകയും വേണം. ഓരോ കുട്ടിയുടെയും സവിശേഷ അഭിരുചികൾ കണക്കിലെടുക്കുകയും അവരുടെ മാനസിക ഗാർഹികാവസ്ഥ തുടങ്ങിയവ വിശകലനം ചെയ്തുമായിരിക്കണം പരിഹാര സാധ്യതകൾ അന്വേഷിക്കേണ്ടത്. അപ്പോൾ വിലയിരുത്തൽ സമഗ്രമാവുകയും കുട്ടിക്ക് സ്വയം മെച്ചപ്പെടുത്താനുള്ള സാധ്യതകൾ തെളിയുകയും ചെയ്യുന്നു. പഠന വിടവുകളും മികവുകളും രേഖപ്പെടുത്തുക, പഠന സാമഗ്രികൾ, തുടർപ്രവർത്തനം, പഠനതന്ത്രങ്ങൾ വിലയിരുത്തൽ എന്നിവയുടെ കാര്യത്തിൽ മാറ്റങ്ങൾ കൊള്ളുക എന്നിവ കൂടെ ചെയ്യുമ്പോൾ ഉദ്ദേശിക്കുന്ന ഉയർന്ന തലത്തിലേക്കെത്തും. അതിനായി സർഗാത്മകത, ആശയ വിനിമയശേഷി, വിവർശനാത്മക ചിന്ത, പ്രശ്നപരിഹാരശേഷി എന്നിവ ഉൾക്കൊള്ളുന്ന വിലയിരുത്തൽ സമീപനം സ്വീകരിക്കാം. ഇത്തവണ നമ്മുടെ വിദ്യാലയം ഏറ്റെടുക്കുന്ന വിലയിരുത്തൽ പഠനതന്ത്രങ്ങൾ

- ♦ നിരന്തരമായ വിലയിരുത്തലിനനുയോജ്യമായ **ICT**, മറ്റ് ഉപാധികൾ തയ്യാറാക്കുക
- ♦ മാസം തോറുമുള്ള വിലയിരുത്തൽ **CPTA, FEEDBACK**
- ♦ ഗൃഹസന്ദർശനം
- ♦ പിയർ ലേണിംഗ്, വിലയിരുത്തൽ
- ♦ ഉപന്യാസരചന മത്സരങ്ങൾ
- ♦ സംവാദം/പാനൽ ചർച്ച
- ♦ പ്രൊജക്ടുകൾ
- ♦ സെമിനാറുകൾ
- ♦ ക്വിസുകൾ
- ♦ പരിഹാരബോധന മാർഗങ്ങൾ